

FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ

HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)

**26 JUNE 2020**

**04 DHUL-QADDAH 1441 AH**

# THE ATTRIBUTES OF ALLAH (Pt.10)

# അല്ലാഹുവിന്റെ സവിശേഷ ഗുണനാമങ്ങൾ (ഭാഗം-10)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **അല്ലാഹുവിന്റെ സവിശേഷ ഗുണനാമങ്ങൾ (ഭാഗം-10)** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

അല്ലാഹുവിന്റെ നാമങ്ങൾ അതിമനോഹരങ്ങളാണ്. നിങ്ങൾ പ്രസ്തുത നാമങ്ങളിലൂടെ അവനോട് പ്രാർത്ഥിക്കുക. (സൂറ : അഅ്റാഫ് 7:181)

അസ്മാഉൽഹുസ്ന എന്ന വാക്കിന്റെ അർത്ഥം മനോഹരമായ നാമങ്ങൾ എന്നാകുന്നു. തീർച്ചയായും അതിമനോഹരമായ നാമങ്ങൾ അല്ലാഹു(ത)യ്ക്ക് മാത്രമുള്ളതാകുന്നു.

ഇമാം ബുഖാരി (റ) സമാഹരിച്ച ഒരു പ്രവാചകവചനത്തിൽ ഇപ്രകാരം വിവരിച്ചിരിക്കുന്നു. അതായത് പരിശുദ്ധപ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)പറയുകയുണ്ടായി. അല്ലാഹു (ത)യ്ക്ക് മാത്രം അവകാശപ്പെട്ട 99 നാമങ്ങളുണ്ട്. നൂറാകുവാൻ ഒന്ന് കുറവ്! ആരാണോ (അത് പഠിക്കുന്നത്, ഗ്രഹിക്കുന്നത്) അവ എണ്ണിതിട്ടപ്പെടുത്തുന്നത്, അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്.

അവ താഴെ പറയുന്നവയാണ്.

## അല്ലാഹുവിന്റെ 99 പേരുകൾ

| അല്ലാഹ് | | മലയാളം പരിഭാഷ<br>പങ്കുകാരനില്ലാത്തവൻ (സർവ്വശക്ത നായ ദൈവത്തിന്റെ ഏറ്റവും മഹത്വ പൂർണ്ണമായ വ്യക്തി നാമം) |
|---|---|---|
| 1. | അർറഹ്മാൻ | ▸▸ കരുണാനിധിയായവൻ |
| 2. | അർറഹീം | ▸▸ കാരുണ്യവാനായവൻ |
| 3. | അൽമലിക്ക് | ▸▸ രാജാവായവൻ |
| 4. | അൽഖുദ്ദൂസ് | ▸▸ പരിശുദ്ധനായവൻ |
| 5. | അസ്സലാം | ▸▸ സമാധാനത്തിന്റെ ഉറവിടമായവൻ |
| 6. | അൽ മുഅ്മിൻ | ▸▸ വിശ്വാസ പ്രേരകൻ |
| 7. | അൽ മുഹയ്മിൻ | ▸▸ രക്ഷകർത്താവായവൻ |
| 8. | അൽ അസീസ് | ▸▸ വിജയശ്രീലാളിതനായവൻ |
| 9. | അൽ ജബ്ബാർ | ▸▸ ബലാൽക്കാരേണ ചെയ്യിക്കുന്നവൻ |
| 10. | അൽ മുതകബ്ബിർ | ▸▸ ഏറ്റവും മഹത്വമുടയവൻ |
| 11. | അൽ ഖാലിഖ് | ▸▸ സൃഷ്ടിക്കുന്നവൻ |
| 12. | അൽ ബാരിഉ | ▸▸ കല്പന പുറപ്പെടുവിക്കുന്നവൻ |
| 13. | അൽ മുസവ്വിർ | ▸▸ സൗന്ദര്യം രൂപപ്പെടുത്തുന്നവൻ |
| 14. | അൽ ഒഫ്ഫാർ | ▸▸ മാപ്പുചെയ്യുന്നവൻ |
| 15. | അൽ ഖഹ്ഹാർ | ▸▸ കീഴടക്കുന്നവൻ |
| 16. | അൽ വഹ്ഹാബ് | ▸▸ എല്ലാം നല്കുന്നവൻ |
| 17. | അർറസ്സാഖ് | ▸▸ ആഹാരം നല്കുന്നവൻ |
| 18. | അൽ ഫത്താഹ് | ▸▸ വിധികർത്താവായവൻ |

| | | |
|---|---|---|
| 19. | അൽ അലീം | ⏩ എല്ലാം അറിയുന്നവൻ |
| 20. | അൽ ഖാബിള് | ⏩ ഞെരുക്കം നല്കുന്നവനായവൻ |
| 21. | അൽ ബാസിത് | ⏩ ആശ്വാസദായകനായവൻ |
| 22. | അൽ ഖാഫിള് | ⏩ അപമാനപ്പെടുത്തുന്നവനായവൻ |
| 23. | അർ റാഫിഉ | ⏩ ഉന്നതസ്ഥിതിയിലെത്തിക്കുന്നവനായവൻ |
| 24. | അൽ മുഇസ്സു | ⏩ ഏറ്റവും നല്ല ബഹുമതികൾ നല്കുന്നവൻ |
| 25. | അൽ മുദില്ലലു | ⏩ ഏറ്റവും മോശമായ അപമാനം നല്കുന്നവൻ |
| 26. | അസ്സമീഉ | ⏩ എല്ലാം നന്നായി കേൾക്കുന്നവൻ |
| 27. | അൽ ബസീർ | ⏩ എല്ലാം നന്നായി കാണുന്നവൻ |
| 28. | അൽ ഹക്കം | ⏩ ഏറ്റവും നല്ല വിധികർത്താവ് |
| 29. | അൽ അദ്ൽ | ⏩ ഏറ്റവും നല്ല നീതിമാൻ |
| 30. | അൽ ലത്തീഫ് | ⏩ മനുഷ്യർക്ക് ഗ്രഹിക്കുവാനോ കണ്ടുപിടിക്കുവാനോ കഴിയാത്തവൻ |
| 31. | അൽ ഖബീർ | ⏩ എല്ലാ കാര്യത്തെകുറിച്ചും അറിവുള്ളവൻ |
| 32. | അൽ ഹലീം | ⏩ ഏറ്റവും വലിയ സഹനതയുള്ളവൻ |
| 33. | അൽ അസീം | ⏩ ഏറ്റവും വലിയ മഹാനായവൻ |
| 34. | അൽ ഒഫൂർ | ⏩ തെറ്റുകൾ മറച്ചുവെയ്ക്കുന്നവനും മാപ്പു ചെയ്യുന്നവനുമായവൻ |
| 35. | അശ്ശക്കൂർ | ⏩ നന്ദി പ്രകടനത്തിന് പ്രതിഫലം നല്കുന്നവൻ |
| 36. | അൽ അലിയ്യ് | ⏩ പരമോന്നതനായവൻ |
| 37. | അൽ കബീർ | ⏩ പരമ മഹത്വമുള്ളവൻ |

| | | |
|---|---|---|
| 38. | അൽ ഹഫീസ് | ▸▸ ഏറ്റവും വലിയ പരിപാലകൻ |
| 39. | അൽ മുഖീത് | ▸▸ ഏറ്റവും നല്ല നിലയിൽ തീറ്റി പോറ്റി വളർത്തുന്നവൻ |
| 40 | അൽ ഹസീബ് | ▸▸ ഏറ്റവും നല്ല നിലയിൽ കണക്കെടുക്കുന്നവൻ |
| 41. | അൽ ജലീൽ | ▸▸ ഏറ്റവും വലിയ ശക്തിയുള്ളവൻ |
| 42. | അർ കരീം | ▸▸ ഏറ്റവും നല്ല മാന്യതയുള്ളവൻ |
| 43. | അർറഖീബ് | ▸▸ ഏറ്റവും നന്നായി കാര്യങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നവൻ |
| 44. | അൽ മുജീബ് | ▸▸ പ്രാർത്ഥനയ്ക്ക് ഉത്തരം നല്കുന്നവനായവൻ |
| 45. | അൽ വാസിഉ | ▸▸ എല്ലാത്തിനെയും ഉൾക്കൊള്ളുന്നവനായവൻ |
| 46. | അൽ ഹക്കീം | ▸▸ സമ്പൂർണ്ണ ബുദ്ധിമാനായവൻ |
| 47. | അൽ വദൂദ് | ▸▸ ഏറ്റവും നന്നായി സ്നേഹിക്കുന്നവനായവൻ |
| 48. | അൽ മജീദ് | ▸▸ രാജകീയ പ്രൗഢിയുള്ളവനായവൻ |
| 49. | അൽ ബാഇത് | ▸▸ പുനർ ജീവിപ്പിക്കുന്നവനായവൻ |
| 50. | അശ്ശഹീദ് | ▸▸ എല്ലാത്തിനും സാക്ഷി ആയവൻ |
| 51. | അൽ ഹഖു | ▸▸ സത്യമായവൻ |
| 52. | അൽ വക്കീൽ | ▸▸ രക്ഷാധികാരിയായവൻ |
| 53. | അൽ ഖവിയ്യു | ▸▸ എല്ലാ കഴിവുകളുടെയും ഉടമസ്ഥനായവൻ |
| 54. | അൽ മതീൻ | ▸▸ ഏറ്റവും വലിയ ബലവാനായവൻ |
| 55. | അൽ വലിയ്യു | ▸▸ ഏറ്റവും മികവുറ്റ ഭരണാധികാരിയായവൻ |
| 56. | അൽ ഹമീദു | ▸▸ ഏറ്റവും വലിയ സ്തുത്യർഹനായവൻ |

| | | |
|---|---|---|
| 57. | അൽ മുഹ്സ്വീ | ⏩ ഏറ്റവും നല്ല നിലയിൽ മൂല്യനിർണ്ണയം നടത്തുന്നവൻ |
| 58. | അൽ മുബ്ദിഉ | ⏩ കാരണഭൂതനായവൻ |
| 59. | അൽ മുഈദു | ⏩ പൂർവ്വസ്ഥിതിയിലേക്ക് മടക്കികൊണ്ടുവരുന്നവൻ |
| 60. | അൽ മുഹ്യ്യുൻ | ⏩ ജീവിപ്പിക്കുന്നവൻ |
| 61. | അൽ മുമീതു | ⏩ മരിപ്പിക്കുന്നവൻ |
| 62. | അൽ ഹയ്യു | ⏩ എന്നെന്നും ജീവിച്ചിരിക്കുന്നവൻ |
| 63. | അൽ ഖയ്യൂം | ⏩ സ്വയം നിലനില്ക്കുന്നവൻ |
| 64. | അൽ വാജിദു | ⏩ എല്ലാം കണ്ടെത്തുന്നവൻ |
| 65. | അൽ മാജിദു | ⏩ എല്ലാ വിധ തേജസ്സുമുള്ളവൻ |
| 66. | അൽ വാഹിദു | ⏩ എല്ലാത്തിലും ഉൾക്കൊള്ളുന്നവനും അവിഭാജ്യവുമായ, ഏകൻ |
| 67. | അൽ അഹദു | ⏩ ആ അവിഭാജ്യവുമായ, ഏകൻ |
| 68. | അസ്സമദു | ⏩ എല്ലാ ആവശ്യങ്ങളും നിറവേറ്റിക്കൊടുക്കുന്നവൻ |
| 69. | അൽഖാദിർ | ⏩ എല്ലാ അധികാരങ്ങളും കയ്യാളുന്നവൻ |
| 70. | അൽ മുഖ്തദിർ | ⏩ എല്ലാ ശക്തിയുടെയും സൃഷ്ടാവ് |
| 71. | അൽ മുഖദ്ദിം | ⏩ എല്ലാം അടിയന്തിരമായി ചെയ്യുന്നവൻ |
| 72. | അൽ മുഅഹ്ഖിർ | ⏩ കാലവിളംബം ഉണ്ടാക്കുന്നവൻ |
| 73. | അൽ അവ്വലു | ⏩ ഏറ്റവും ആദ്യം ഉള്ളവൻ |
| 74. | അൽ ആഖിർ | ⏩ ഏറ്റവും അവസാനമായിട്ടുള്ളവൻ |
| 75. | അല്ലാഹിർ | ⏩ എല്ലാം വെളിവാക്കുന്നവൻ |

| | | |
|---|---|---|
| 76. | അൽബാതിനു | ⏩ എല്ലാം മറച്ചുവെയ്ക്കുന്നവൻ |
| 77. | അൽ വാലീ | ⏩ എല്ലാം സംരക്ഷിക്കുന്ന സ്നേഹിതൻ |
| 78. | അൽ മുതആലീ | ⏩ എല്ലാത്തിന്റെയും മേലേ ഉള്ളവൻ |
| 79. | അൽ ബർറു | ⏩ നല്ലതു പ്രവർത്തിക്കുന്നവൻ |
| 80. | അത്തവ്വാബു | ⏩ പശ്ചാത്താപത്തിലേക്കുള്ള വഴികാട്ടിയായവൻ |
| 81. | അൽമുൻതഖിം | ⏩ പ്രതികാരം ചെയ്യുന്നവൻ |
| 82. | അൽഅഫ്വ് | ⏩ മാപ്പുചെയ്യുന്നവൻ |
| 83. | അർറഊഫ് | ⏩ മാപ്പുകൊടുക്കുവാൻ ഒരുക്കമുള്ളവൻ |
| 84. | മാലിക്കുൽ മുൽക്ക് | ⏩ എല്ലാത്തിന്റെയും ഉടമസ്ഥൻ |
| 85. | ദുൽജലാലി വൽഇക്റാം | ⏩ രാജകീയ പ്രൗഢീയും ഔദാര്യവുമുള്ള രക്ഷകൻ |
| 86. | അൽ മുഖ്സിത് | ⏩ പക്ഷപാതരഹിതനായവൻ |
| 87. | അൽജാമിഉ | ⏩ എല്ലാത്തിനെയും ഒരുമിച്ചു കൂട്ടുന്നവൻ |
| 88. | അൽ ഒനിയ്യു | ⏩ സമ്പന്നനായവൻ |
| 89. | അൽ മുഒന്നി | ⏩ സമ്പന്നമാക്കുന്നവൻ |
| 90. | അൽ മാനിഉ | ⏩ ഉപദ്രവങ്ങളെ തടയുന്നവൻ |
| 91. | അൽജാർറു | ⏩ ഉപദ്രവമുണ്ടാക്കുന്നതിനെ സൃഷ്ടിച്ചവൻ |
| 92. | അന്നാഫിഉ | ⏩ നന്മയെ സൃഷ്ടിച്ചവൻ |
| 93. | അന്നൂർ | ⏩ പ്രകാശമായവൻ |
| 94. | അൽഹാദീ | ⏩ വഴികാട്ടിയവൻ |

| | | |
|---|---|---|
| 95. | അൽബദീഉ | ▸▸ എല്ലാത്തിനും ആരംഭമിട്ടവൻ |
| 96. | അൽ ബാഖീ | ▸▸ എന്നെന്നും നിലനില്ക്കുന്നവൻ |
| 97. | അൽവാരിതു | ▸▸ എല്ലാത്തിന്റെയും അനന്തരാവകാശി |
| 98. | അർറഷീദു | ▸▸ സന്മാർഗ്ഗദായകൻ |
| 99. | അസ്സബൂർ | ▸▸ ക്ഷമാലുവായവൻ |

ഞാൻ മുകളിൽ പറഞ്ഞിരിക്കുന്ന അല്ലാഹുവിന്റെ സവിശേഷമായ ഗുണനാമങ്ങൾ 99ഉം ഇമാം തിർമിദിയുടെ ഗ്രന്ഥത്തിൽ കാണാവുന്നതാണ്. അതോടൊപ്പം ചേർത്ത് അൽഅഹ്ദ് അൽവാഹിദ് (അൽവാഹിദുൽഅഹദ്) അല്ലാഹുവിന്റെ ഈ രണ്ടു നാമങ്ങളും ഒരേ അർത്ഥം തന്നെയാണ് സൂചിപ്പിക്കുന്നത്. അല്ലാഹു വാഹിദാകുന്നു. അതുപോലെ അല്ലാഹു അഹദുമാകുന്നു. ഏകനായവൻ, സമാനതകളില്ലാത്തവൻ, തുല്യതയില്ലാത്തവനായ ദൈവം എന്നാകുന്നു അതിന്റെ അർത്ഥം. ഇവകളും (ഈ നാമങ്ങളും) യഥാർത്ഥത്തിൽ 99 നാമങ്ങളിൽ നിന്നും രൂപം കൊണ്ടതു തന്നെയാണ് എന്ന് നമുക്കറിയാമല്ലോ.

അപ്പോൾ പറയപ്പെട്ട 99 നാമങ്ങൾക്കുമുള്ള അടിസ്ഥാന തെളിവ് വിശുദ്ധഖുർആനും തിരുസുന്നത്തും തന്നെയാണ്. വ്യാപകമായ നിലയിൽ അംഗീകരിക്കപ്പെട്ട സിഹാഹു സിത്തയിൽപ്പെട്ട ഇമാം തിർമിദി റിപ്പോർട്ട് ചെയ്ത ഹദീസ്, സുനനു തിർമിദിയിൽ ക്രോഡീകരിക്കപ്പെട്ട ഹദീസുകൾ സർവ്വസ്വീകാര്യങ്ങൾ തന്നെയാണ്.

ലോകം ഐകകണ്ഠ്യേന (ഒരേ സ്വരത്തിൽ) അംഗീകരിക്കപ്പെട്ടിട്ടുള്ളതുമാകുന്നു. അബൂഹുറൈറ (റ) റിപ്പോർട്ട് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. അല്ലാഹു(ത)യുടെ തിരുദൂതൻ(സ) പറഞ്ഞു. അല്ലാഹു(ത)യ്ക്ക് 99 നാമങ്ങളുണ്ട്, നൂറിന് ഒന്ന് കുറവ്, ആരാണോ ഇത് എണ്ണിതിട്ടപ്പെടുത്തുന്നത്, ആരാണോ അതിൽ വിശ്വസിക്കുന്നത്, ആരാണോ പ്രസ്തുത നാമങ്ങളുടെ അർത്ഥങ്ങളെകുറിച്ച് ഗാഢമായി ചിന്തിക്കുന്നത്, അവകൊണ്ട് അല്ലാഹുവിനെ ആരാധിക്കുന്നത്, പ്രസ്തുത നാമങ്ങൾ കൊണ്ട് അവനോട്

ആരാണോ പ്രാർത്ഥിക്കുന്നത്, പ്രസ്തുത നാമങ്ങൾക്കൊണ്ട് ആരാണോ തങ്ങളുടെ പ്രവർത്തികൾ ചെയ്യുന്നത്, പ്രസ്തുത നാമങ്ങളിലുള്ള വിശ്വാസത്താൽ ഇപ്രകാരം ചെയ്യുന്നവർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. (തിർമിദി)

ഇമാം ബുഖാരിയുടെയും ഇമാം മുസ്ലിമിന്റെയും ഹദീസ് ക്രോഡീകരണങ്ങളിൽ മേൽപറയപ്പെട്ട ഹദീസ് രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. അബൂഹുറൈറ(റ)ഉം ഇബ്ന് ഉമർ(റ) ഉം നേരിയ പദ വ്യത്യാസത്തിൽ അവ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. മുസ്ലിം റിപ്പോർട്ട് ചെയ്ത ഹദീസിൽ അഹ്സാഹാ എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്.

അല്ലാഹുവിന്റെ 99 ഗുണനാമങ്ങൾ നാം പരിശോധന വിധേയമാക്കുമ്പോൾ, നമുക്കറിയാവുന്നതുപോലെ, ഹദീസ് ഗ്രന്ഥങ്ങളിൽ നിന്നും മറ്റും ലഭ്യമായത്, എന്നാൽ അതിൽ ചിലത്, അല്ലാഹുവിന്റെ നാമമായി ചിലർ കണക്കാക്കുന്നില്ല എന്ന പ്രശ്നമുണ്ട്, കാരണം അത് ഖുർആനിൽ ഇല്ല എന്നതാണ്. അവരുടെ ന്യായീകരണം, ഉദാഹരണമായി പറഞ്ഞാൽ അർറഷീദ്, അൽബാഖി ഇവ വിശുദ്ധഖുർആനിൽ കണ്ടെത്തുവാൻ കഴിയുകയില്ല. എന്നാൽ ഇമാം തിർമിദിയുടെ ഹദീസ് ശേഖരണത്തിൽ, അബൂഹുറൈറ(റ)റിപ്പോർട്ട് ചെയ്തതായി രേഖപ്പെടുത്തിയിട്ടുമുണ്ട്. അല്ലാഹു(ത)യുടെ 99 നാമങ്ങൾ സംബന്ധമായി ഒരു അഭിപ്രായ സമന്വയത്തിൽ അവർ എത്തിച്ചേർന്നിട്ടില്ല. നാമിവിടെ ശ്രദ്ധിക്കേണ്ട കാര്യം പ്രസ്തുത ഹദീസ് പ്രസ്താവിക്കുന്നതെന്താണ് അല്ലാഹുവിന് 99 നാമങ്ങളുണ്ട്, നൂറിൽ നിന്നും ഒന്ന് കുറവ്! എല്ലാം അതിൽ ഉൾപ്പെടുത്തിയിരിക്കുന്നു എന്ന് അതിൽ പറയുന്നില്ല. അതായത്, ഇതിന്റെ അർത്ഥം അല്ലാഹുവിന് 99 പേരുകളുണ്ട്, പ്രസ്തുത പേരുകളെ ഉള്ളു എന്ന് അതിൽ പറയുന്നില്ല. തീർച്ചയായും നാം വിശുദ്ധഖുർആനിലൂടെയും, സഹീഹായ പ്രവാചക(സ)യുടെ ഹദീസുകളിലൂടെയും കാര്യങ്ങൾ നോക്കിക്കാണുമ്പോൾ അനേകം പണ്ഡിതന്മാർക്കും, അല്ലാഹുവിന്റെ പേരുകളെ 99ൽ കൂടുതൽ പേരുകൾ കണ്ടെത്തുവാൻ കഴിയുന്നതാണ്. അത് മാത്രമല്ല, അനേകം പണ്ഡിതന്മാർ പറഞ്ഞുവെയ്ക്കുന്നത് അല്ലാഹു(ത)യ്ക്ക് എണ്ണിതീർക്കാൻ കഴിയാത്തനിലയിലുള്ള നാമങ്ങ

ളുണ്ട് എന്നാണ്. അവന്റെ നാമങ്ങൾ അനന്തങ്ങളാണ്. താഴെപറയുന്ന പ്രവാചകവചനത്തിന്റെ അടിസ്ഥാനത്തിലാണ് അവർ ഇപ്രകാരം ഒരു തീരുമാനത്തിലെത്തിച്ചേർന്നത്. പരിശുദ്ധ പ്രവാചകൻ (സ) താഴെപറയുന്ന പ്രാർത്ഥന നടത്തുകയുണ്ടായി. (യാ അല്ലാഹ്!) നിന്റെ ഗ്രന്ഥത്തിൽ വെളിപ്പെടുത്തിയിട്ടുള്ള ഓരോ പേരു കൊണ്ടും ഞാൻ നിന്നോട് പ്രാർത്ഥിക്കുകയാണ്. അഥവാ നിന്റെ സൃഷ്ടികൾക്ക് ഏതെങ്കിലും നിലയിൽ നീ പഠിപ്പിച്ചു കൊടുത്ത പേരുകൾ കൊണ്ട് ഞാൻ നിന്നോടു പ്രാർത്ഥിക്കുന്നു. അതുമല്ലെങ്കിൽ, വെളിപ്പെടുത്താതെ നീ മറച്ചുവെച്ചിരിക്കുന്ന നിന്റെ പേരുകൾ കൊണ്ട് ഞാൻ പ്രാർത്ഥിക്കുന്നു. ദൃശ്യമാകാത്ത അത്തരം അറിവുകൾ നിന്നോടൊപ്പമുള്ളതാണ്. (അഹ്മദ് രേഖപ്പെടുത്തിയിരിക്കുന്ന ഈ വചനം, അൽബാനിയുടെ അഭിപ്രായപ്രകാരം സഹീഹാകുന്നു)

ആയതിനാൽ ഇതിൽനിന്നൊക്കെ നമുക്ക് മനസ്സിലാകുന്നത് അല്ലാഹുവിന്റെ നാമങ്ങൾ 99 മാത്രമല്ല എന്നാണ്. മറ്റുനാമങ്ങൾ, അല്ലാഹു(ത)യുമായി ചേർന്നു നില്ക്കുന്ന മറ്റു സവിശേഷനാമങ്ങൾ, അവൻ തൃപ്തിപ്പെടുന്നവർക്ക്, അവന്റെ ഇഷ്ടപ്രകാരം, വെളിപ്പെടുത്തിക്കൊടുക്കുന്നതാണ്. ചിലർ പറയുന്നു അല്ലാഹു(ത)യ്ക്ക് 3000 പേരുകൾ ഉണ്ടെന്ന്! അതിൽ 1000 എണ്ണം അവന്റെ മലക്കുകൾക്ക് വെളിപ്പെടുത്തിക്കൊടുത്തിട്ടുണ്ട് എന്ന് പറയപ്പെടുന്നു. 1000 എണ്ണം അവന്റെ പ്രവാചകന്മാർക്ക് വെളിപ്പെടുത്തികൊടുത്തിട്ടുണ്ട്. സബൂർ വേദഗ്രന്ഥത്തിൽ! 300 എണ്ണം വെളിപ്പെടുത്തപ്പെട്ടു. അതായത് ദാവൂദ് നബി(അ)ന് ! 300 എണ്ണം തൗറാത്തിൽ മൂസാനബി (അ)ന് നല്കിയ ഗ്രന്ഥത്തിൽ വെളിപ്പെടുത്തപ്പെട്ടു. ഈസ(അ)ന്റെ ഇഞ്ചീലിൽ 300 എണ്ണം വെളിവാക്കപ്പെട്ടു. ഇതിൽ ഒട്ടും കുറയാത്ത ഓരോഹരി വിശുദ്ധഖുർആനിലൂടെയും വിശുദ്ധ റസൂൽകരീം(സ)യുടെ സുന്നത്തിലൂടെയും നല്കപ്പെട്ടിരിക്കുന്നു. മറ്റുചിലരുടെ അഭിപ്രായപ്രകാരം, അവന്റെ പേരിന്റെ സത്ത, ഇസ്മ് അഅ്ലം(സമാനതകളില്ലാത്ത അല്ലാഹുവിന്റെ പേര്) അവൻ, അവനായി സൂക്ഷിച്ചുവെച്ചിരിക്കുന്നു. വിശുദ്ധഖുർആനിൽ അത് മറച്ചുവെയ്ക്കപ്പെട്ടിരിക്കുന്നു.

വിശുദ്ധഖുർആന്റെയും, നമ്മുടെ പ്രിയപ്രവാചകൻ മുഹമ്മദ്

മുസ്തഫ(സ)യുടെ വിശുദ്ധസുന്നത്തിന്റെയും അടിസ്ഥാനത്തിൽ തർക്കമില്ലാത്ത നിലയിലുള്ള ആധികാരികതയാൽ, നമുക്ക് അല്ലാഹു(ത)യുടെ 99 നാമങ്ങൾ, നമുക്ക് നമ്മുടെ പഠനക്ലാസ്സുകളിലൂടെ പഠിയ്ക്കാം. നിത്യവും അത് ചൊല്ലൽ നമുക്കൊരു ദിനചര്യയാക്കിമാറ്റാം.

അങ്ങനെ, നാം അവനെ നിത്യവും സ്മരിച്ച്, നമുക്ക് അല്ലാഹു(ത)യോട് സാമീപ്യം പ്രാപിക്കാം. നമുക്ക് അവന്റെ നാമങ്ങൾ ഉരുവിടാം. അഥവാ അവന്റെ സവിശേഷനാമങ്ങൾ കീർത്തനം ചെയ്യാം. അവന്റെ യഥാർത്ഥ പേര് അല്ലാഹ് എന്നാകുന്നു. അവന്റെ സവിശേഷഗുണനാമങ്ങൾ എണ്ണമറ്റതാണ്. അല്ലാഹുവിന്റെ ഈ സവിശേഷഗുണനാമങ്ങൾ അവന്റെ നിലനില്പിന്റെ തെളിവാണ്, അല്ലാഹുവിന്റെ ഏകത്വത്തിന്റെയും തെളിവാണ്. ഹേ! ഭാരം ചുമക്കുന്നവരെ! ഹേ! കുഴപ്പത്തിലകപ്പെട്ട ഹതഭാഗ്യരെ! ഈലോക ജീവിതം ദുഃഖഭരിതമായി തീർന്നവരെ! അല്ലാഹുവിന്റെ സുന്ദര നാമങ്ങൾ നിങ്ങളുടെ ഹൃദയമുറിവുകൾക്കുള്ള ലേപനമാക്കി മാറ്റുക! അവന്റെ സുന്ദരനാമങ്ങൾ പഠിക്കുക, ഗ്രഹിക്കുക, ഉരുവിടുക! നിങ്ങൾക്കുപരിയായി നില്ക്കുന്ന ആകാശസീമകളിൽ കാണുന്ന വിശിഷ്ട അടയാളങ്ങളെക്കൊണ്ട് അവന്റെ സവിശേഷഗുണനാമങ്ങളെ തിരയുക. അതുപോലെ താഴെഭൂമിയിലും തിരയുക, നിങ്ങളെന്ന വ്യക്തിയിലൂടെയും അവന്റെ ഗുണനാമങ്ങൾ തിരയുക, അന്വേഷിക്കുക, കണ്ടെത്തുക! നിങ്ങളുടെ ആത്മാർത്ഥതയുടെ നിലവാരം അനുസരിച്ച് നിങ്ങൾക്കത് അവന്റെ അനുഗ്രഹങ്ങൾ കണ്ടെത്തുവാൻ കഴിയുന്നതാണ്. അല്ലാഹുവിന്റെ അനുവാദത്താൽ, ആശങ്കപ്പെടുന്നവന്റെ ആശങ്ക അകറ്റപ്പെടുന്നതാണ്. അജ്ഞന് വിജ്ഞാനം ലഭിക്കുന്നതാണ്, നിഷേധിക്ക് അവനിൽ സത്യവിശ്വാസം രൂഢമൂലമാകുന്നതാണ്. ചെറ്റത്തരം കാണിക്കുന്നവൻ സത്യവാനായി മാറുന്നതാണ്. ഏകാധിപതി തന്റെ തല താഴെ കുനിക്കുന്നതാണ്. ഹൃദയങ്ങളിലെ ശത്രുതാഗ്നി കെട്ടടങ്ങുന്നതാണ്.

ആയതിനാൽ എന്റെ പ്രിയസഹോദരീ സഹോദരന്മാരെ, നിങ്ങൾ, നിങ്ങളിലേക്ക് ദൈവത്തിന്റെ ഗുണങ്ങൾ ആവാഹിക്കുക. വിശുദ്ധഖുർആനിലും വിശുദ്ധറസൂൽ(സ)യുടെ സുന്നത്തിലും

എണ്ണപ്പെട്ടിരിക്കുന്ന അവന്റെ സവിശേഷമായ ഗുണനാമങ്ങൾ, 99 എണ്ണം ബുഖാരിയിലും മുസ്ലിമിലും തിർമിദിയിലും രേഖപ്പെടുത്തിയിട്ടുള്ളതല്ലാത്ത അനേകം ഗുണനാമങ്ങൾ അവനുണ്ട്. ഖുർആനിൽ നിന്ന് ഒരു വചനവും, ഹദീസിൽ നിന്നും ഒരുവചനവും എടുത്ത് നാം ഉപയോഗിക്കുമ്പോൾ, അത് എങ്ങനെയാണ് ഉപയോഗിക്കേണ്ടതെന്നും, അതിനെ എങ്ങനെയാണ് സമീപിക്കേണ്ടതെന്നും, വ്യക്തമാക്കേണ്ടതായിട്ടുണ്ട്. അതായത്, ചില ആളുകൾക്ക് ചില സമീപനങ്ങളുണ്ട്, അതായത് ഖുർആനിൽ നിന്നും ഒരു വചനം എടുക്കുന്നു. അല്ലെങ്കിൽ ഹദീസിൽ നിന്നും ഒരു വചനം എടുക്കുന്നു. എന്നിട്ട് അതിൽ നിന്നും അവർ ഒരു തീരുമാനത്തിലെത്തിച്ചേരുന്നു. എന്നിട്ടവർ പറയും ഇതാണ് അതിന്റെ കല്പന എന്ന്! അതുതന്നെയാണ് ആ കല്പന എന്ന്! അതിനപ്പുറം ഒന്നുമില്ല. എന്നാൽ യഥാർത്ഥത്തിൽ കാര്യങ്ങൾ അങ്ങനെയല്ല, നാമെല്ലാവരും മനസ്സിലാക്കേണ്ടുന്ന ഒരു കാര്യം, ഖുർആൻ മുഴുവനും ഹദീസും പരസ്പരം അഭിനന്ദിക്കുന്നു, പരസ്പരം വിശദീകരിക്കുകയും ചെയ്യുന്നു. ഏതെങ്കിലും ഒരു ചോദ്യത്തിന്റെ യഥാർത്ഥ സ്ഥാനം കണ്ടെത്തുവാൻ, അതുമായി ബന്ധപ്പെട്ട എല്ലാ ഖുർആനികവചനങ്ങളെയും ഹദീസുകളെയും ഒരിടത്തുകൊണ്ടു വരണം, എന്നിട്ട് പ്രസ്തുത ചോദ്യത്തിന്റെ യഥാർത്ഥമായ ഇസ്ലാമിക സ്ഥാനം എന്താണ് എന്ന് കണ്ടെത്തണം. ഇതേ രീതി, ഇന്ന്, നാം പഠിച്ച പാഠത്തിനും പ്രയോഗവൽക്കരിക്കേണ്ടതാണ്. തിർമിദിയിലെ ഹദീസ് കൊണ്ടർത്ഥമാക്കുന്നത്, ഇത് വളരെയധികം ആദരിക്കപ്പെടുന്നതും അതുപോലെ വളരെ ശക്തമായതുമായ ഒരു ഹദീസാണ്. അല്ലാഹുവിന്റെ സവിശേഷമായ 99 നാമങ്ങൾ, ഈ നാമങ്ങൾ കൊണ്ട് നമുക്ക് അല്ലാഹുവിനോട് ദുആ ചെയ്യാം എന്നതിന് ശക്തമായ തെളിവുമാണ്. അസ്മാ ഉൽഹുസ്ന കൊണ്ട് നമുക്ക് ദുആ ചെയ്യാം എന്ന് സാരം. അങ്ങനെ ആണെങ്കിലും, ഖുർആനിലും ഹദീസുകളിലും പറയപ്പെട്ട മറ്റു നാമങ്ങൾക്കൊണ്ടും, നമുക്ക് ദുആ ചെയ്യാവുന്നതാണ്, പ്രസ്തുത ഹദീസുകൾ സ്വീകാര്യയോഗ്യമായ ഉറവിടത്തിൽ നിന്നും എത്തിയതാണെങ്കിൽ!

ഇന്ന്, ഈ പ്രഭാഷണം, ഇവിടെ അവസാനിപ്പിക്കുകയും.

അടുത്ത ആഴ്ചയിലും ഇതേ വിഷയം തുടരുവാനുള്ള തൗഫീഖിനായി ഞാൻ അല്ലാഹു(ത)യോട് പ്രാർത്ഥിക്കുന്നു.

## DIVINE REVELATIONS

## ദിവ്യവെളിപാടുകൾ

(ഇന്നലെ) 2020 ജൂൺ 25 വ്യാഴാഴ്ച 3.25p.m.ന് എനിക്ക് ചില വെളിപാടുകൾ ലഭിക്കുകയുണ്ടായി. അത് ഞാൻ നിങ്ങളുമായി പങ്കുവെയ്ക്കുകയാണ്. അറബിയിലുള്ള ചിലവാക്കുകൾ അതിന്റെ അർത്ഥസഹിതം എനിക്ക് വെളിപ്പെടുത്തുകയുണ്ടായി.

**കിറാമൻ** - **ആദരണീയമായ**

**കിതാബിൻ** - **എഴുതപ്പെട്ട**

**അൽഅബ്റാർ** - **പുണ്യവാന്മാരായ വിശ്വാസികൾ**

**അൽഫുജ്ജാർ** - **ദുർവൃത്തർ**


**സന്ദേശം താഴെപറയുന്ന നിലയിലായിരുന്നു.**

അല്ലാഹു ഒരാളെ ഉയർത്തുമ്പോൾ, അവൻ ബഹുമാന്യനായ ഒരു വ്യക്തിയായി മാറുന്നു. (കിറാമൻ) 100 ശതമാനവും (പൂർണ്ണമായി) അല്ലാഹുവിന്റെ ദൂതനുമായി ഒരുവൻ ബന്ധപ്പെടുമ്പോൾ, അദ്ദേഹത്തിന് ലഭിച്ച സന്ദേശം അദ്ദേഹം നല്കുമ്പോൾ, രേഖപ്പെടുത്തപ്പെട്ടതും, വെളിവാക്കപ്പെട്ടതുമായ പ്രസ്തുത സന്ദേശങ്ങളെ, ആരാണോ വിശ്വസിക്കുന്നത്, സത്യാന്വേഷികൾ ഉൾപ്പടെ, അവർ പുണ്യവാന്മാരായ (അബ്റാർ) വിശ്വാസികളായി മാറുന്നു. അങ്ങനെ ഒരുവൻ പുണ്യവാനായ ഒരു വിശ്വാസിയാകുമ്പോൾ, ആദരണീയനായ വ്യക്തിയുമായി നിരന്തരം ബന്ധപ്പെടുമ്പോൾ (അതായത് ദൈവത്തിന്റെ തെരഞ്ഞെടുത്ത വ്യക്തിയുമായി) അപ്പോൾ അല്ലാഹു(ത) അവന്റെ പ്രത്യേകമായ അറിവ് (ദൈവീക അറിവ്) പ്രസ്തുത പുണ്യവാനായ വിശ്വാസിക്ക് (എല്ലാ പുണ്യവാന്മാരായ വിശ്വാസികൾക്കും) നൽകുന്നതാണ്. ദുർവൃത്തരായ അൽഫുജ്ജാർ ആളുകളുടെ വായടപ്പിക്കത്തക്കനിലയിലുള്ള കഴിവ് / അറിവ് പ്രദാനം ചെയ്യുന്നതാണ്-പേരുകൊണ്ട് പണ്ഡിതരാണെന്നറിയുന്നവർ അവരുടെ മുമ്പിൽ (നിസ്സാരന്മാരായി മാറുന്നതാണ്.) -പ്രസ്തുത പുണ്യവാനായ വിശ്വാസി (പുണ്യവാന്മാരായ വിശ്വാസികൾ)

തൂലികയുടെ ശക്തി കരസ്ഥമാക്കിയവനായി മാറുന്നു. (അതുപോലെ തന്നെ നാവിന്റെ ശക്തിയും കരസ്ഥമാക്കിയവനായി മാറുന്നു).

ഈ നിലവാരത്തിലെത്തിയവർ അനുഗ്രഹീതർ തന്നെ! അതായത്, അബ്റാറുകളായവർ, അവർ വെറും സ്വാത്വികർ മാത്രമല്ല, മറിച്ച്, അല്ലാഹു അവരെ, അബ്റാറുകളായി വിശേഷിപ്പിക്കുന്നു. (പുണ്യവാന്മാരായ വിശ്വാസികൾ) അവർക്ക് ഈ പദവി ലഭിക്കുന്നത്, ഈ പ്രത്യേക അനുഗ്രഹം ലഭിക്കുന്നത് അവന്റെ ദൂതനുമായുള്ള അവരുടെ ബന്ധവും, വിശ്വാസവും കൊണ്ടാണ്. അല്ലാഹുവിൽ നിന്നുള്ള ഈ സന്ദേശം അവർ സ്വീകരിക്കുന്നതു കൊണ്ടാണ്.

ഉപസംഹരിക്കുന്നു:-എന്റെ നിഷ്ക്കളങ്കരായ എല്ലാ അനുചരന്മാരെയും അല്ലാഹു(ത) അസ്മാഉൽ ഹുസ്ന എന്ന അറിവ് പ്രയോജനപ്പെടുത്തിക്കൊണ്ട്, അവരുടെ ജീവിതം ഏറ്റവും നല്ല നിലയിൽ നയിക്കുവാൻ അനുഗ്രഹിക്കട്ടെ. അതിലൂടെ അവരുടെ ദൈനം ദിന ജീവിതം തഖ്‌വയിലധിഷ്ഠിതമായി മാറട്ടെ! ജീവിതം നീതിപൂർവ്വം ആയിതീരട്ടെ! ധൈര്യപൂർവ്വം ആയിതീരട്ടെ! നിങ്ങളുടെ എല്ലാ പ്രശ്നങ്ങളും അല്ലാഹു(ത) പരിഹരിച്ചു തരട്ടെ! നിങ്ങളുടെ വഴികൾ ആത്മീയ വിജയങ്ങളാലും ഭൗതീക വിജയങ്ങളാലും സമ്പന്നമാക്കട്ടെ. വ്യക്തിപരമായ ആത്മീയ അറിവും വളർച്ചയും നിങ്ങളുടെ തന്നെ പുരോഗതിക്കും സത്യത്തിന്റെ വികാസത്തിനും കാരണമായി തീരട്ടെ! ഈലോകത്തും നാളെ പരലോകത്തും! !ഇൻശാ അല്ലാഹ് ആമീൻ.



***Translated By :***
***Mukarram R. Jamaludin Raother***
***Fauzia Jamal Zain & Fazil Jamal***
***Issued By :***
***Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India***
***E-mail : jamal.raother@gmail.com***
***Web : www.jamaat-ul-sahih-al-islam.com***
***Blog : www.sahih-al-islam.blogspot.in***